LIBRARY ARCHIVES Kerala Legislative Assembly

വിവാഹധനസഹായം, മിശ്രവിവാഹിതർക്ക് ധനസഹായം, ഭൂരഹിത പുനരധിവാസ പദ്ധതി, ഭവനപൂർത്തീകരണ പദ്ധതി, ആരോഗ്യ സുരക്ഷാപദ്ധതി, ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായം, ദുർബ്ബല വിഭാഗങ്ങൾക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി, വിജ്ഞാൻവാടി, വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക ധനസഹായം, വാത്സല്യനിധി, സ്വയംതൊഴിൽ, വക്കീലൻമാർക്ക് ധനസഹായം, അപ്രന്റിസ്ഷിപ്പ്/അഡീഷണൽ അപ്രന്റിസ്ഷിപ്പ്, ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, പ്രത്യേക പ്രോത്സാഹന സമ്മാനം, പ്രീമെട്രിക്, പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്നീ പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് വർഷംതോറും നടപ്പിലാക്കി വരുന്നു.

വാത്സല്യനിധി പദ്ധതി

75(381) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പെൺകുട്ടികൾക്കായി നടപ്പാക്കിയ വാത്സല്യനിധി പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയിൽ ഉള്ള മാതാപിതാക്കളുടെ പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന പേരിൽ ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്നു. പട്ടികജാതി പെൺകുട്ടികളുടെ ഉന്നമനത്തിനായി പട്ടികജാതി വികസന വകുപ്പും എൽ.ഐ.സി. ഓഫ് ഇന്ത്യയും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതിക്ക് വകുപ്പ് 1,38,000 രൂപ നാല് ഇൻസ്റ്റാൾമെന്റുകളിലായി പെൺകുട്ടികളുടെ പേരിൽ നിക്ഷേപിക്കുന്നു. പെൺകുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുമ്പോൾ എൽ.ഐ.സി. 3,00,000 രൂപ ഇൻഷ്വർ ചെയ്യപ്പെട്ട പെൺകുട്ടിക്ക് നൽകുന്നു. 1-4-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മാനദണ്ഡങ്ങൾ	നിക്ഷേപ തുക	പ്രീമിയം
1) പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിരിക്കണം 2) ആദ്യ 90 ദിവസത്തിനുള്ളിൽ നവജാത ശിശുവിന് വേണ്ട പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം	39,000	I
1) പെൺകുട്ടിക്ക് 5 വയസ്സ് പൂർത്തിയായിരിക്കണം 2) പ്രൈമറി സ്കൂളിൽ പ്രവേശനം നേടിയിട്ടുണ്ടായിരിക്കണം. കൂടാതെ നിശ്ചിത പ്രായത്തിനുള്ളിൽ എടുക്കേണ്ട ബാക്കിയുള്ള പ്രതിരോധ കുത്തിവയ്പുകൾ എടുത്തിരിക്കണം.	36,000	II
അഞ്ചാം തരത്തിലേക്ക് പ്രവേശനം നേടുകയും 10 വയസ് പൂർത്തിയാകുകയും ചെയ്യണം. ആയത് ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയിരിക്കണം	33,000	III
പെൺകുട്ടി പത്താംതരം പാസ്സാകുകയും 15 വയസ്സ് പൂർത്തിയാകുകയും വേണം. പത്താംതരം പാസ്സായതിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയത് ഹാജരാക്കണം.	30,000	IV

(ബി) ഈ പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാനുള്ള പ്രായപരിധി രണ്ട് വയസ്സായി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ?

പ്രായപരിധി രണ്ട് വയസ്സായി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പഠനമുറി നിർമ്മിച്ചുനൽകുന്ന പദ്ധതി

76 (382) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച നിലവിലെ പദ്ധതികൾ ഏതൊക്കെ; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായും പട്ടികവർഗ്ഗ വികസന വകുപ്പുമായും ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.